LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് വിമാനത്താവള വികസനം

196 (2024) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിന്റെ റൺവേ റീകാർപ്പറ്റിംങ് ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഏതെല്ലാം ജോലികളാണ് ഇപ്പോൾ നടക്കുന്നതെന്നും, എന്നത്തേക്ക് പ്രവൃത്തി പൂർത്തിയാക്കി വിമാനത്താവളം പൂർവ്വ സ്ഥിതിയിൽ പ്രവർത്തിപ്പിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) അതുവരെ ചെറുവിമാനങ്ങൾ കൂടുതലായി ഉപയോഗിച്ച് യാത്രക്കാരുടെ പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10 ശതമാനം ജോലികൾ ചെയ്തു തീർന്നിട്ടുണ്ട്.

(ബി) Longitudinal Geo Fabric Drain 2.5 Km പ്രവൃർത്തി തീർന്നിട്ടുണ്ട്. റൺവേ 28-ന്റെ ഭാഗത്ത് 90 മീറ്റർ നീളത്തിലും 45 മീറ്റർ വീതിയിലും 70 സെന്റീമീറ്റർ കഴിക്കുന്ന പ്രവൃത്തി നടക്കുന്നു. കൂടാതെ Runway Turn Pad-ന്റെ മണ്ണുനീക്കൽ പ്രവൃത്തിയും നടക്കുന്നുണ്ട്. 'റൺവേ 10' ഭാഗത്തുനിന്നും bitumen ഉപയോഗിച്ച് റൺവേ ബലപ്പെടുത്തുന്ന പ്രവൃത്തിയും നടക്കുന്നു.

(സി) ഇതിനായി ശ്രമം നടക്കുന്നുണ്ട്.

കണ്ണൂരിൽ അന്താരാഷ്ട്ര വിമാനത്താവളത്തിനുള്ള ബാങ്ക് വായ്പ

197 (2025) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന് ബാങ്കുകളുടെ കൺസോർഷ്യവുമായി എത്ര കോടി രൂപയുടെ വായ്പക്കാണ് കരാറൊപ്പിട്ടത് ;

(ബി) ഏതെല്ലാം ബാങ്കുകൾ എത്ര കോടി രൂപ വീതമാണ് വായ്പ നൽകുന്നത് ;

(സി) ഓരോ ബാങ്കിൽ നിന്നും എത്ര തുക വീതം വായ്പ ലഭിക്കുകയുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിന് ബാങ്കുകളുടെ കൺസോർഷ്യവുമായി 892 കോടി രൂപയുടെ വായ്പയ്ക്കാണ് കരാർ ഒപ്പിട്ടത്.

(ബി) കാനറാ ബാങ്ക് 692 കോടി രൂപ, സൗത്ത് ഇൻഡ്യ ബാങ്ക് 110 കോടി രൂപ, ഫെഡറൽ ബാങ്ക് 90 കോടി രൂപ.

(സി) കാനറാ ബാങ്കിൽ നിന്നും 116.37 കോടി രൂപയും സൗത്ത് ഇൻഡ്യൻ ബാങ്കിൽ നിന്നും 18.50 കോടി രൂപയും ഫെഡറൽ ബാങ്കിൽ നിന്നും 15.13 കോടി രൂപയും വായ്പ എടുക്കുകയുണ്ടായി.